# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4762** **13-03-2023 - ൽ മറുപടിയ്ക്ക്**

## വലിയപറമ്പ് പ്രദേശത്തെ കടൽ ക്ഷോഭം തടയുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പ്രദേശത്തെ രൂക്ഷമായ കടൽ ക്ഷോഭം തടയുന്നതിന് ഉള്ള പദ്ധതികൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | കാസറഗോഡ് ജില്ലയിലെ 86 കി മീറ്റർ നീളം വരുന്ന തീരപ്രദേശത്തിൽ ഏറ്റവും തെക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്നതും ദ്വീപ് പ്രദേശവുമായ ഒരു പഞ്ചായത്താണ് വലിയപറമ്പ ഗ്രാമ പഞ്ചായത്ത്. പ്രസ്തുത ദ്വീപിന്റെ പടിഞ്ഞാറ് വശം കടലും കിഴക്കു ഭാഗത്തു ഉൾനാടൻ ജലാശയവും നിലകൊള്ളുന്നു. അനേകം വരി തെങ്ങുകളും പൂർണ്ണമായും കടലെടുത്ത് അപ്രത്യക്ഷമായിട്ടുണ്ട്. സ്ഥിരമായി കടലാക്രമണം നേരിടുന്ന ഈ പ്രദേശങ്ങളിൽ നാളിതുവരെയായി തീര സംരക്ഷണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. 19.50 കി മീറ്റർ നീളം വരുന്ന കടൽത്തീരം പൂർണ്ണമായും ഒരേ സ്വഭാവം നിലനിർത്തുന്നതിനാൽ തീരപ്രദേശത്ത് ചെറിയൊരു ഭാഗത്തു സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കില്ല എന്നതുകൊണ്ട് ചെറിയ പദ്ധതികളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല. ഏന്നാൽ ജിയോ ടെക്സ്റ്റൈൽ ട്യൂബ് ഉപയോഗിച്ച് കടൽ ഭിത്തി നിർമ്മാണത്തിനായി 167.70 കോടി രൂപയുടെ പ്രൊപ്പോസലും, അത് കൂടാതെ 19.5km ആകെ നീളത്തിൽ 4.75km നീളത്തിൽ വടക്കു ഭാഗത്തും 2.3km നീളത്തിൽ തെക്കു ഭാഗത്തും മരങ്ങൾ വെച്ചു വിടിപ്പിച്ചു ബയോ ഷീൽഡ്പ്രൊട്ടക്ഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ട്.<br>കാലാവസ്ഥാ വ്യതിയാനം മൂലം മുൻകാലങ്ങളെ അപേക്ഷിച്ച കേരളത്തിലെ തീരപ്രദേശങ്ങൾ കടലാക്രമണത്തിനു വിധേയമാകുന്നുണ്ട്, എന്നതിന് പുറമെ അതിന്റെ രൂക്ഷതയും കാലം ചെല്ലും തോറും വർധിക്കുന്നതായും കാണുന്നു. കേരളത്തിന്റെ തീര പ്രദേശങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന കടൽക്ഷോഭത്തെക്കുറിച്ച് പഠിക്കുന്നതിനായി കേന്ദ്ര ജലകമ്മിഷൻ, ഐഐടി ചെന്നൈ, ജലസേചനവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിശദമായ വിവരശേഖരണം നടത്തിയിരുന്നു. |

| | | | |
|---|---|---|---|
| | | | ആയതിന്റെ അടിസ്ഥാനത്തിൽ തീരസംരക്ഷണം അത്യാവശ്യമായ പത്തു hotspot പ്രദേശങ്ങൾ കണ്ടെത്തുകയുണ്ടായി, അതിൽ ഒന്നാണ് കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പ്രദേശം.<br><br>25/11/2021 -ൽ ജലസേചനവകുപ്പ് കേരളതീരത്തെ നിർദിഷ്ടമേഖലകളിൽ ശാസ്ത്രീയ പഠനം നടത്തുന്നതിനായി ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന NCCR (National Centre for Coasal Research) എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പു വയ്ക്കുകയുണ്ടായി. ഇതിനെ തുടർന്ന്, തീര സംരക്ഷണത്തിനായി വിശദമായ പഠനങ്ങൾ ആവശ്യമായതിനാൽ NCCR ന്റെ നേതൃത്വത്തിൽ ഹോട്സ്പോട്ടുകളിൽ പ്രാഥമിക വിവരശേഖരണം നടത്തുകയുണ്ടായി. ഇതിൽ മൂന്നു ഹോട്സ്പോട്ടുകൾക്കുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കാപ്പാട് ഭാഗത്തെ ഹോട്ട്സ്പോട്ടുകളിൽ NCCR ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ നടത്തിയിട്ടുണ്ട്.<br><br>അടുത്ത ഘട്ടമായി കാസർഗോഡ് ജില്ലയിലെ വലിയപറമ്പ കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ നടത്തുവാൻ NCCR തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കി തീര സംരക്ഷണത്തിനുള്ള പരിഹാര മാർഗം സ്വീകരിക്കാവുന്നതാണെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ